**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1296** **01-02-2024 - ൽ മറുപടിയ്ക്ക്**

**ആറുമാനൂർ- പാറേക്കടവ് പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പുതുപ്പള്ളി, ഏറ്റുമാനൂർ മണ്ഡലങ്ങളിലെ ആറുമാനൂർ- പേരൂർ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ആറുമാനൂർ- പാറേക്കടവ് പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണ്; എത്ര ശതമാനം പണികൾ പൂർത്തീകരിച്ചുവെന്ന് അറിയിക്കുമോ; | (എ) | കോട്ടയം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചു വരുന്ന ആറുമാനൂർ - പാലേക്കടവ് പാലങ്ങളുടെ നിർമ്മാണം ഏകദേശം 40 % പൂർത്തീകരിച്ചിട്ടുള്ളതാണ്.<br><br>19. 11.2015 തീയതിയിലെ സർക്കാർ ഉത്തരവ് നം 6032/15/ആർ.ഡി പ്രകാരം റവന്യൂ വകുപ്പിന്റെ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി, ആറുമാനൂർ- പാറേക്കടവ് പാലം ഉൾപ്പെടെ കേരളത്തിലെ വിവിധ ജില്ലകളിലായി 9 പാലങ്ങൾ നിർമ്മിക്കുന്നതിന് 32 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും പദ്ധതി നടത്തിപ്പിലേക്ക് പത്തനംതിട്ട ജില്ലാ നിർമ്മിതി കേന്ദ്രത്തെ നോഡൽ ഏജൻസിയായും, കൂടാതെ അതാത് ജില്ലകളിലെ നിർമിതി കേന്ദ്രങ്ങളെ മേൽനോട്ടത്തിനായി ചുമതലപ്പെടുത്തുന്നതിനും തീരുമാനിക്കുകയുണ്ടായി. |
| (ബി) | ഇതിന്റെ നിർമ്മാണ പ്രവൃത്തികൾ എന്നാണ് തുടങ്ങിയതെന്നും നിർമ്മാണ ചുമതല ഏത് ഏജൻസിക്കാണ് നൽകിയതെന്നും അറിയിക്കുമോ; | (ബി) | കോട്ടയം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചു വരുന്ന ആറുമാനൂർ - പാലേക്കടവ് പാലങ്ങളുടെ നിർമ്മാണം ഏകദേശം 40 % പൂർത്തീകരിച്ചിട്ടുള്ളതാണ്.<br><br>19. 11.2015 തീയതിയിലെ സർക്കാർ ഉത്തരവ് നം 6032/15/ആർ.ഡി പ്രകാരം റവന്യൂ വകുപ്പിന്റെ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി, ആറുമാനൂർ- പാറേക്കടവ് പാലം ഉൾപ്പെടെ കേരളത്തിലെ വിവിധ ജില്ലകളിലായി 9 പാലങ്ങൾ നിർമ്മിക്കുന്നതിന് 32 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും പദ്ധതി നടത്തിപ്പിലേക്ക് പത്തനംതിട്ട ജില്ലാ നിർമ്മിതി കേന്ദ്രത്തെ നോഡൽ ഏജൻസിയായും, കൂടാതെ അതാത് ജില്ലകളിലെ നിർമിതി കേന്ദ്രങ്ങളെ മേൽനോട്ടത്തിനായി ചുമതലപ്പെടുത്തുന്നതിനും തീരുമാനിക്കുകയുണ്ടായി. |
| (സി) | മേൽപ്പറഞ്ഞ പാലത്തിന്റെ പൂർത്തീകരണത്തിനു | (സി) | മേൽ ഭരണാനുമതി നൽകിയ പാലങ്ങളിലെ |

| | | | |
|---|---|---|---|
| | നേരിടുന്ന തടസ്സമെന്തെന്നും ഇതിനായി വകയിരുത്തിയ ഫണ്ടിന്റെ വിശദാംശങ്ങളും വ്യക്തമാക്കാമോ; | | നിർമാണ പ്രവർത്തികൾ പുരോഗമിക്കുന്ന അവസരത്തിലാണ് റേറ്റ് റിവിഷൻ ആവശ്യപ്പെട്ട്, കരാർ കമ്പനിയായ M/s SERMS Infrastructure Pvt Ltd , Kochi ആർബിട്രേഷൻ കേസ് ഫയൽ ചെയ്തിട്ടുള്ളതും തുടർന്ന്, കരാർ കമ്പനി നിർമ്മാണ പ്രവർത്തനം നിർത്തി വെയ്ക്കുകയും ചെയ്തു. ടി ആർബിട്രേഷൻ കേസിൽ 17/10/2020-ൽ 3,72,81,524/- രൂപയും അവാർഡ് തീയതി മുതൽ പണം കൊടുക്കുന്നത് വരെ ആയതിന് 9% പലിശയും SERMS Infrastructure-ന് നൽകുന്നതിന് വിധിക്കുകയുണ്ടായി. ഇതിനെതിരെ ബഹു.പത്തനംതിട്ട ജില്ലാ കോടതി മുമ്പാകെ പ്രോജക്ട് മാനേജർ, നിർമ്മിതി കേന്ദ്രം ഒന്നാം അപ്പലന്റായും ജില്ലാ കളക്ടർ പത്തനംതിട്ട രണ്ടാം അപ്പലന്റായും, റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി മൂന്നാം അപ്പലന്റായും കേസ് ഫയൽ ചെയ്തിട്ടുള്ളതാണ്. 15/02/2023 തീയതിയിൽ റവന്യൂ മന്ത്രിയുടെ അധ്യക്ഷതയിൽ ടി പാലങ്ങളുടെ നിർമ്മാണം പുനരാരംഭിക്കുന്നത് സംബന്ധിച്ച് ഒരു യോഗം നടത്തുകയും ടി യോഗത്തിൽ RMFൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ 9 പാലങ്ങളിൽ നിർമ്മാണം ആരംഭിച്ച 5 പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി ബഹു.ലാൻഡ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിൽ പത്തനംതിട്ട, കോട്ടയം ജില്ലാ കളക്ടർമാർ, പൊതുമരാമത്ത് വകുപ്പിലെ ചീഫ് എഞ്ചിനിയർ എന്നിവരെ ഉൾക്കൊള്ളിച്ചു കൊണ്ട് ടി പാലങ്ങളുടെ നിർമ്മാണ ചുമതലയുണ്ടായിരുന്ന M/s Serms Infrastructure Pvt.Ltd, ടെക്നിക്കൽ സപ്പോർട്ട് ഏജൻസിയായ ഇന്റഗ്രൽ സൊല്യൂഷൻസ്, കൊച്ചി എന്നിവരുമായി പ്രത്യേകം യോഗം ചേർന്ന് തീരുമാനം കൈക്കൊള്ളുന്നതിനായി നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരം 28/02/2023 തീയതിയിൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ മേൽ പാലങ്ങളുടെ പണി സ്തംഭനാവസ്ഥയിൽ പോകാൻ ഉണ്ടായ സാഹചര്യവും, പ്രസ്തുത പാലങ്ങളുടെ പണി പുനരാരംഭിക്കാൻ താൽപര്യമില്ലായെന്നുള്ള വിവരം സേംസ് ഇൻഫ്രാസ്ട്രക്ചറും വ്യക്തമാക്കി. ടി പാലങ്ങളുടെ പണി, കഴിഞ്ഞ 5 വർഷക്കാലമായി സ്തംഭിച്ചിരിക്കുന്നതിനാൽ ആയതിന്റെ stability ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ച് മാത്രമേ തുടരാൻ കഴിയൂ എന്ന് ചീഫ് എഞ്ചിനീയർ പി. ഡബ്ല്യുഡി (ബ്രിഡ്ജസ്), തിരുവനന്തപുരം ബോധ്യപ്പെടുത്തി. പാലങ്ങളുടെ പണി പുനരാരംഭിക്കുന്നതിനുള്ള സാങ്കേതിക മികവ് നിലവിൽ ഇല്ലായെന്ന് പ്രൊജക്ട് ഡയറക്ടർ നിർമിതി |

| | | | |
|---|---|---|---|
| | | | കേന്ദ്രം വ്യക്തമാക്കിയിരുന്നു. ടി യോഗ തീരുമാനത്തിന്റെ ഭാഗമായി, ഇന്റഗ്രൽ സൊല്യൂഷൻസിന്റെ ഓഫീസുമായി നേരിൽ ബന്ധപ്പെട്ട് ഡിസൈൻ സംബന്ധിച്ച രേഖകൾ ലഭ്യമാക്കുന്നതിന് പ്രൊജക്ട് മാനേജർ, നിർമിതി കേന്ദ്രത്തിന് നിർദ്ദേശം നൽകിയിരുന്നു.<br><br>ഇക്കാര്യത്തിൽ, 22.10.2020-ൽ നടന്ന SHLC യോഗത്തിൽ, ടി മുടങ്ങിയ പാലങ്ങളുടെ തുടർനടപടികളുടെ പ്രാരംഭ പ്രവൃത്തി എന്ന നിലയിൽ ഡിസൈൻസ് സ്ലാബിൽ മാറ്റം വരുത്തുന്നതുമായി ബന്ധപ്പെട്ട് സാങ്കേതിക പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തിരുവനന്തപുരത്തെ കോളേജ് ഓഫ് എഞ്ചിനിയറിംഗിനെ ചുമതലപ്പെടുത്തുന്നതിന് തീരുമാനമാകുകയും ആയതിനുള്ള മേൽ നോട്ടത്തിന് ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു.<br><br>എന്നാൽ ടി പ്രോജക്ടിന്റെ ഡിസൈൻ കൺസൾട്ടന്റായ M/s ഇന്റഗ്രൽ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, പ്രോജക്ട് മാനേജർ നിർമ്മിതി കേന്ദ്രത്തിനോ തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനിയറിംഗിനോ പ്രോജക്ട് ഡിസൈൻ കൈമാറാൻ തയ്യാറായില്ല. ഏകദേശം 5 വർഷത്തോളമായി മുടങ്ങി കിടക്കുന്ന പ്രസ്തുത പാലം പണി പുനരാരംഭിക്കുന്നതിനായി ആയതിന്റെ സ്റ്റെബിലിറ്റി സംബന്ധിച്ച് വിലയിരുത്തേണ്ടതുണ്ട്. ടി വിഷയത്തിൽ പൊതുജനതാല്പര്യവും പൊതുമുതൽ സംരക്ഷണവും മുൻനിർത്തി ടി ഡിസൈൻ കമ്പനിക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർക്കും പത്തനംതിട്ട ജില്ലാ കളക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കൂടാതെ, ടി മുടങ്ങിക്കിടക്കുന്ന പാലങ്ങളുടെ പ്രവൃത്തികൾ PWD മുഖാന്തിരം പുനരാരംഭിക്കുവാൻ കഴിയുമോ എന്ന കാര്യം കൂടി പരിശോധിക്കേണ്ടതുണ്ട്. ആയതിനായി ടി വിഷയം അടുത്ത ചേരുന്ന SHLC യോഗത്തിന്റെ അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. |
| (ഡി) | പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിന് വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കാമോ? | (ഡി) | മേൽ ഭരണാനുമതി നൽകിയ പാലങ്ങളിലെ നിർമാണ പ്രവർത്തികൾ പുരോഗമിക്കുന്ന അവസരത്തിലാണ് റേറ്റ് റിവിഷൻ ആവശ്യപ്പെട്ട്, കരാർ കമ്പനിയായ M/s SERMS Infrastructure Pvt Ltd , Kochi ആർബിട്രേഷൻ കേസ് ഫയൽ ചെയ്തിട്ടുള്ളതും തുടർന്ന്, കരാർ കമ്പനി നിർമ്മാണ പ്രവർത്തനം നിർത്തി വെയ്ക്കുകയും ചെയ്തു. ടി |

ആർബിട്രേഷൻ കേസിൽ 17/10/2020-ൽ 3,72,81,524/- രൂപയും അവാർഡ് തീയതി മുതൽ പണം കൊടുക്കുന്നത് വരെ ആയതിന് 9% പലിശയും SERMS Infrastructure-ന് നൽകുന്നതിന് വിധിക്കുകയുണ്ടായി. ഇതിനെതിരെ ബഹു.പത്തനംതിട്ട ജില്ലാ കോടതി മുമ്പാകെ പ്രോജക്റ്റ് മാനേജർ, നിർമ്മിതി കേന്ദ്രം ഒന്നാം അപ്പലന്റായും ജില്ലാ കളക്ടർ പത്തനംതിട്ട രണ്ടാം അപ്പലന്റായും, റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി മൂന്നാം അപ്പലന്റായും കേസ് ഫയൽ ചെയ്തിട്ടുള്ളതാണ്. 15/02/2023 തീയതിയിൽ റവന്യൂ മന്ത്രിയുടെ അധ്യക്ഷതയിൽ ടി പാലങ്ങളുടെ നിർമ്മാണം പുനരാരംഭിക്കുന്നത് സംബന്ധിച്ച് ഒരു യോഗം നടത്തുകയും ടി യോഗത്തിൽ RMFൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ 9 പാലങ്ങളിൽ നിർമ്മാണം ആരംഭിച്ച 5 പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി ബഹു.ലാൻഡ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിൽ പത്തനംതിട്ട, കോട്ടയം ജില്ലാ കളക്ടർമാർ, പൊതുമരാമത്ത് വകുപ്പിലെ ചീഫ് എഞ്ചിനിയർ എന്നിവരെ ഉൾക്കൊള്ളിച്ചു കൊണ്ട് ടി പാലങ്ങളുടെ നിർമ്മാണ ചുമതലയുണ്ടായിരുന്ന M/s Serms Infrastructure Pvt.Ltd, ടെക്നിക്കൽ സപ്പോർട്ട് ഏജൻസിയായ ഇന്റഗ്രൽ സൊല്യൂഷൻസ്, കൊച്ചി എന്നിവരുമായി പ്രത്യേകം യോഗം ചേർന്ന് തീരുമാനം കൈക്കൊള്ളുന്നതിനായി നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരം 28/02/2023 തീയതിയിൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ മേൽ പാലങ്ങളുടെ പണി സ്തംഭനാവസ്ഥയിൽ പോകാൻ ഉണ്ടായ സാഹചര്യവും, പ്രസ്തുത പാലങ്ങളുടെ പണി പുനരാരംഭിക്കാൻ താൽപര്യമില്ലായെന്നുള്ള വിവരം സേംസ് ഇൻഫ്രാസ്ട്രക്ചറും വ്യക്തമാക്കി. ടി പാലങ്ങളുടെ പണി, കഴിഞ്ഞ 5 വർഷക്കാലമായി സ്തംഭിച്ചിരിക്കുന്നതിനാൽ ആയതിന്റെ stability ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ച് മാത്രമേ തുടരാൻ കഴിയൂ എന്ന് ചീഫ് എഞ്ചിനീയർ പി. ഡബ്ലിയുഡി (ബ്രിഡ്ജസ്), തിരുവനന്തപുരം ബോധ്യപ്പെടുത്തി. പാലങ്ങളുടെ പണി പുനരാരംഭിക്കുന്നതിനുള്ള സാങ്കേതിക മികവ് നിലവിൽ ഇല്ലായെന്ന് പ്രൊജക്റ്റ് ഡയറക്ടർ നിർമിതി കേന്ദ്രം വ്യക്തമാക്കിയിരുന്നു. ടി യോഗ തീരുമാനത്തിന്റെ ഭാഗമായി, ഇന്റഗ്രൽ സൊല്യൂഷൻസിന്റെ ഓഫീസുമായി നേരിൽ ബന്ധപ്പെട്ട് ഡിസൈൻ സംബന്ധിച്ച രേഖകൾ ലഭ്യമാക്കുന്നതിന് പ്രൊജക്റ്റ് മാനേജർ, നിർമിതി കേന്ദ്രത്തിന് നിർദ്ദേശം നൽകിയിരുന്നു.

| | | | | |
|---|---|---|---|---|
| | | | | ഇക്കാര്യത്തിൽ, 22.10.2020-ൽ നടന്ന SHLC യോഗത്തിൽ, ടി മുടങ്ങിയ പാലങ്ങളുടെ തുടർനപടികളുടെ പ്രാരംഭ പ്രവൃത്തി എന്ന നിലയിൽ ഡിസൈൻസ് സ്ലാബിൽ മാറ്റം വരുത്തുന്നതുമായി ബന്ധപ്പെട്ട് സാങ്കേതിക പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തിരുവനന്തപുരത്തെ കോളേജ് ഓഫ് എഞ്ചിനിയറിംഗിനെ ചുമതലപ്പെടുത്തുന്നതിന് തീരുമാനമാകുകയും ആയതിനുള്ള മേൽ നോട്ടത്തിന് ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു.<br><br>എന്നാൽ ടി പ്രോജക്റ്റിന്റെ ഡിസൈൻ കൺസൾട്ടന്റായ M/s ഇന്റഗ്രൽ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, പ്രോജക്ട് മാനേജർ നിർമ്മിതി കേന്ദ്രത്തിനോ തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനിയറിംഗിനോ പ്രോജക്റ്റ് ഡിസൈൻ കൈമാറാൻ തയ്യാറായില്ല. ഏകദേശം 5 വർഷത്തോളമായി മുടങ്ങി കിടക്കുന്ന പ്രസ്തുത പാലം പണി പുനരാരംഭിക്കുന്നതിനായി ആയതിന്റെ സ്റ്റെബിലിറ്റി സംബന്ധിച്ച് വിലയിരുത്തേണ്ടതുണ്ട്. ടി വിഷയത്തിൽ പൊതുജനതാല്പര്യവും പൊതുമുതൽ സംരക്ഷണവും മുൻനിർത്തി ടി ഡിസൈൻ കമ്പനിക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർക്കും പത്തനംതിട്ട ജില്ലാ കളക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കൂടാതെ, ടി മുടങ്ങിക്കിടക്കുന്ന പാലങ്ങളുടെ പ്രവൃത്തികൾ PWD മുഖാന്തിരം പുനരാരംഭിക്കുവാൻ കഴിയുമോ എന്ന കാര്യം കൂടി പരിശോധിക്കേണ്ടതുണ്ട്. ആയതിനായി ടി വിഷയം അടുത്ത ചേരുന്ന SHLC യോഗത്തിന്റെ അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ

Administrative Sanction 19/11/2015

Ext-8 Administrative Sanction

# GOVERNMENT OF KERALA

## Abstract

Revenue Department - River Management Fund - Construction of nine bridges in various disricts- Administradive Sanction accorded- Orders issued.

**REVENUE (P) DEPARTMENT**

G.O (Rt) No. 6032/15/RD Dated, Thiruvananthapuram, 19..11..15

Read :
1. Minutes of the SHLC meeting held on 28.10.2014
2. GO(Rt) No. 1150/15/RD dated 04.03.2015
3. Lr no. INT/RD/609/2015/03A dated 13.07.2015 from the Chief Operating Officer, M/s. Integral Solutions, Kochi.
4. Minutes of the meeting convened on 18.08.2015 for deliberating over the construction of nine bridges in the State

## ORDER

The State High Level Committee constituted to scrutinize the works to be implemented using River Management Fund , in its meeting held on 28.10.2014, decided to entrust M/s. Integral Solutions, Kochi, to conduct Alignment Survey and Soil Investigation on the feasibility study of the nine bridges to be constructed in Pathanamthitta, Kottayam, Kannur, Ernakulam, Kollam and Malappuram districts. As per the GO read as 2nd paper above, Government have accorded administrative sanction to entrust M/s. Integral Solutions, Kochi to conduct Alignment Survey and Soil Investigation on the feasibility study of the nine bridges. The firm has completed the study report and submitted it before Government as per the letter read as 3rd paper above. The study report is in favour of construction of 9 bridges and rough estimate of the construction of the bridges amounts to 32 crores.

In the meeting convened in this regard on 18..08..2015, it was decided to appoint Nirmithi Kendra, Pathanamthitta as the nodal agency for implementing the construction of nine bridges in various districts. The Nirmithi Kendras of the respective districts will conduct overall supervision of the construction work in those districts and it was also decided to waive the money ceiling imparted to Nirmithi Kendra for the

15720 Ext. P1

implementation of this project. The State High Level Committee meeting held on 28..09..2015 has accorded approval in principle for the construction of Nine Bridges worth Rs. 32 Crores as per survey conducted by M/s. Integral Solutions.

Government have examined the matter in detail and are pleased to accord administrative sanction for the construction of nine bridges said in G.O read as 2nd paper above in Pathanamthitta, Kottayam, Kannur, Ernakulam, Kollam and Malappuram districts for an approximate amount of Rs. 32,00,00,000/-(Rupees Thirty Two Crores only). The expenditure on this account will be met from the River Management Fund maintained by the respective District Collectors. The Nirmithi Kendra, Pathanamthitta shall be the nodal agency to implement the project and the Nirmithi Kendras of respective districts be the agencies for overall supervision of the construction work being carried out in those districts. Sanction is also accorded for waiving money ceiling imparted to Nirmithi Kendras for the implementation of this project only.

By Order of the Governor,

Dr VISHWAS MEHTA
Principal Secretary to Government

The Commissioner, Land Revenue, Thiruvananthapuram.
The District Collectors concerned
The Project Manager, Nirmithi Kendra concerned
The Principal Accountant General (Audit), Kerala, Thiruvananthapuram.
The Accountant General (A & E), Kerala, Thiruvananthapuram
Finance Department
I& PRD(Web and New Media)/ Press Release
SF / O.C.

Forwarded/By order

Section Officer

Copy to:- PS / Additional PS to Hon'ble Minister (Revenue)
P.A to Principal Secretary (Revenue)
CA to Additional Secretary

REV-P3/62/2019

7315245/2023/REV (P)

I/128171/2023

റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് പണി പൂർത്തീകരിക്കാത്ത 5 പാലങ്ങളുടെ പുരോഗതി സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണറുടെ ചേംബറിൽ 28/02/2023 ന് കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്.

യോഗത്തിൽ പങ്കെടുത്തവർ

1. ശ്രീ . അശോക് കുമാർ എം , ചീഫ് എഞ്ചിനീയർ പി .ഡബ്ല്യു .ഡി ( ബ്രിഡ്ജസ്)
2. ഡോ . ദിവ്യ എസ്. അയ്യർ, ജില്ലാ കളക്ടർ പത്തനംതിട്ട (ഓൺലൈൻ മുഖാന്തിരം )
3. ഡോ . പി .കെ . ജയശ്രീ , ജില്ലാ കളക്ടർ കോട്ടയം (ഓൺലൈൻ മുഖാന്തിരം )
4. ശ്രീ . അനു .എസ്. നായർ , അസിസ്റ്റന്റ് കമ്മീഷണർ (എൽ.എ)
5. ശ്രീ . സനിൽ എസ്സ്, പ്രോജക്ട് മാനേജർ, നിർമ്മിതി കേന്ദ്രം , പത്തനംതിട്ട
6. ശ്രീമതി. രമ ആർ. അസിസ്റ്റന്റ് പ്രോജക്ട് മാനേജർ,നിർമ്മിതി കേന്ദ്രം,പത്തനംതിട്ട
7. ശ്രീ .പി . ഈപ്പൻ, സേംസ് ഇൻഫ്രാ സ്ട്രക്ചർ ലിമിറ്റഡ്
8. ശ്രീ . നോയൽ പി . സോജൻ (അസ്സോസിയേറ്റ്) ഇന്റഗ്രൽ സൊല്യൂഷ്യൻസ്

യോഗം 3 മണിക്ക് ആരംഭിച്ചു .

ചിറ്റൂർക്കടവ്, തുപ്പാറ, കൈപ്പട്ടൂർ, അരുമാന്തൂർ, ചവിട്ടുവേലിക്കടവ് എന്നീ പാലങ്ങളു ടെ പണി സ്തംഭനാവസ്ഥയിൽ പോകാൻ ഉണ്ടായ സാഹചര്യവും പ്രസ്തുത പാലങ്ങളു ടെ പണി പുനരാരംഭിക്കാൻ താത്പര്യം ഇല്ലാ എന്നുള്ള വിവരം ശ്രീ .ഈപ്പൻ സേംസ് ഇൻഫ്രാസ്ട്രക്ച്ചർ വ്യക്തമാക്കി. ടി പാലങ്ങളുടെ പണി കഴിഞ്ഞ 5 വർഷമായി സ്തംഭിച്ചിരിക്കുന്നതിനാൽ ആയതിന്റെ stability ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ചു മാത്രമേ തുടരാൻ കഴിയുകയുള്ളൂ എന്ന് ശ്രീ. അശോക് കുമാർ പി.ഡബ്ല്യു.ഡി, ബ്രിഡ്ജസ് വ്യക്തമാക്കി. പാലങ്ങളുടെ പണി പുനരാരംഭിക്കുന്നതിനുള്ള സാങ്കേതിക മികവ് ഇപ്പോൾ ഇല്ലാ എന്ന് ശ്രീ .സനിൽ പ്രോജക്ട് മാനേജർ നിർമ്മിതി കേന്ദ്രം വ്യക്തമാക്കി .

യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ.

1) പ്രോജക്ട് മാനേജർ നിർമ്മിതി കേന്ദ്രം നേരിട്ട് ഇന്റഗ്രൽ സൊല്യൂഷൻസിന്റെ ഓഫീസിൽ പോയി ഡിസൈൻ സംബന്ധിച്ച രേഖകൾ മാർച്ച് 10 നകം ലഭ്യമാക്കേ ണ്ടതാണ്.

2) പ്രോജക്ട് മാനേജർ നിർമ്മിതി കേന്ദ്രത്തിന്റെ കൈവശം ഉള്ള സേംസ് ഇൻഫ്രാസ്ട്രക്ചറിന്റെ ബാങ്ക് ഗ്യാരന്റി തിരികെ ഏൽപ്പിക്കുന്നതിനുള്ള വിഷയം പരിശോധിച്ച് നിയമപരമായ നടപടി പത്തനംതിട്ട ജില്ലാ കളക്ടർ 14 ദിവസത്തിനുള്ളിൽ സ്വീകരിക്കുക.

യോഗം 3.30 ന് അവസാനിച്ചു .